പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2074. 26.03.2013 ൽ മറുപടിയ്ക്ക്.

കാസർകോട്-മംഗലാപുരം ദേശസാൽകൃതറൂട്ടിലെ ബസ് സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ. | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) കാസർകോട്-മംഗലാപുരം റൂട്ട് ദേശസാത്കരിച്ചത് എന്നാണെന്നും, അന്ന് കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും എത്ര വീതം ബസ്സുകളാണ് സർവ്വീസ് നടത്തിയിരുന്നതെന്നും , ഇപ്പോൾ എത്ര വീതം സർവ്വീസുകളാണു നടക്കുന്നതെന്നും വ്യക്തമാക്കുമോ ; | (എ) | കാസർകോട്-മംഗലാപുരം റൂട്ട് ദേശസാൽക്കരിച്ചിട്ടില്ല. ഇപ്പോൾ ഈ റൂട്ടിൽ സ്വകാര്യ ബസ് സർവ്വീസുകൾ ഉൾപ്പെടെ കേരളത്തിന്റെ 52 ഉം, കർണ്ണാടകത്തിന്റെ 37 ഉം, ബസ് സർവ്വീസുകൾ നടത്തി വരുന്നു. |
| (ബി) ദേശസാത്കരിച്ചശേഷം ആദ്യമായി ഇവിടെ സ്വകാര്യ ബസ് സർവ്വീസ് ആരംഭിച്ചത് എന്നാണെന്നും, സർവ്വീസ് നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കിയത് എങ്ങനെയാണെന്നും വ്യക്തമാക്കുമോ ; ഇപ്പോൾ എത്ര സ്വകാര്യസർവ്വീസുകളുണ്ടെന്നു വ്യക്തമാക്കുമോ ; | (ബി) | കാസർകോട്-മംഗലാപുരം റൂട്ട് ദേശസാൽക്കരിച്ചിട്ടില്ല. 1976 ലെ കേരളവും കർണ്ണാടകവും തമ്മിലുള്ള അന്തർ സംസ്ഥാന ഗതാഗത ഉടമ്പടി നിലവിൽ വന്നതിനു ശേഷം ഈ റൂട്ടിൽ ഡബിൾ പോയിന്റ് ടാക്സ് പെർമിറ്റ് അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെയും മറ്റ് കോടതിവിധികളുടേയും ആനുകൂല്യത്തിൽ ചില സ്വകാര്യ ബസ്സ് ഓപ്പറേറ്റർമാർ സർവ്വീസ് നടത്തുന്നുണ്ട്. നിലവിൽ 23 സ്വകാര്യ ബസ്സുകളാണ് ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നത്. |
| (സി) ഇപ്പോൾ ഈ റൂട്ടിൽ സംസ്ഥാനത്തിനർഹതയുള്ള മുഴുവൻ ബസ്സുകളും ഓടിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ മുഴുവൻ ബസ്സുകളും ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | ഓടിക്കുന്നുണ്ട്. |
| (ഡി) സ്വകാര്യസർവ്വീസുകൾ ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | (ഡി) | AIR 3888 Sc 1999 ൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ബഹു.സുപ്രീംകോടതിയുടെ അശ്വനികുമാർ vs ആർ.റ്റി.എ. ബിക്കാനീർ എന്ന കേസിലെ വിധിന്യായം അനുസരിച്ച് അന്തർ |

| | | |
|---|---|---|
| | | സംസ്ഥാന കരാറിൽ ഉൾപ്പെട്ടിട്ടില്ലാത്ത റൂട്ടുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികൾ നൽകുന്ന പെർമിറ്റ് / പെർമിറ്റ് കൗണ്ടർ സിഗ്നേച്ചറുകൾക്ക് നിയമസാധുതയില്ലാത്തതിനാൽ അവ എസ്.റ്റി.എ. റദ്ദ് ചെയ്തിരുന്നു. എന്നാൽ ഈ ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അപ്പലേറ്റ് ട്രൈബ്യൂണലിൽ നിന്നും ഇടക്കാല ഉത്തരവ് സമ്പാദിച്ചുകൊണ്ട് ചില സ്വകാര്യ ബസ് ഓപ്പറേറ്റർമാർ ഈ റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവിനെതിരെ, ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാനുള്ള നിയമസാധുത സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.